മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# വിസ്മയം തീർത്ത് മുളകൊണ്ടുള്ള ജലധാരകൾ

**കോയമ്പത്തൂർ ▸** തൊഴിൽരഹിതരായ യുവജനങ്ങളെ സ്വയംതൊഴിലിലൂടെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിന് നടത്തിയ പരിശീലനപരിപാടിയിൽ നിർമിച്ചത് ആരെയും ആശ്ചര്യപ്പെടുത്തുന്ന മുളകൊണ്ടുള്ള ജലധാരകൾ. മുളകൊണ്ടുള്ള കരകൗശല വസ്തുക്കൾ വ്യാപകമാണെങ്കിലും വിവിധരീതയിലുള്ള ജലധാരകൾ ഉണ്ടാക്കുന്നത് അപൂർവമാണ്.

മുളയിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിച്ചെടുക്കുന്ന ഗ്രീൻ സ്കിൽ ഡെവലപ്മെൻറ് പരിശീലനപരിപാടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ നടന്നുവരുന്നു.

50 ദിവസം നീണ്ടുനിൽക്കുന്ന ഈ പരിശീലന പരിപാടിയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുമായി 15 യുവതീയുവാക്കൾ പങ്കെടുക്കുന്നുണ്ട്. ഇവരാണ് ഏറെ കൗതുകമുണർത്തുന്ന മുളകൊണ്ടുള്ള ജലധാരകൾ നിർമിച്ചത്.

വീടിൻെറ സ്വീകരണമുറികളിൽ വെക്കാവുന്ന വിധത്തിലുള്ള ജലധാരകൾ പൂർണമായും മുളകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ജലസേചനത്തിന് ഉപയോഗിക്കുന്ന ജലചക്രം മുതൽ പാർക്കുകളിൽ കാണുന്ന വലിയ ജലധാരകൾവരെ ഇവർ മണിക്കൂറുകൾകൊണ്ട് നിർമിച്ചു. ഒന്നിനൊന്ന് മികച്ചവയാണ് ഓരോ ജലധാരയും. വെള്ളം സംഭരിക്കുന്ന മൺപാത്രത്തിൽ ചെറിയ മോട്ടോർവെച്ചാണ് പ്രവർത്തനം. ചെറിയ മുതൽമുടക്കാണ് വന്നിരിക്കുന്നതെന്ന് അധികൃതർ പറഞ്ഞു. പരിശീലനാർഥികൾ നിർമിച്ച വിവിധയിനം ബാംബൂ ജലധാരയുടെ പ്രദർശനവും ഇവിടെ നടക്കുന്നുണ്ട്.



▶ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ബ്രീഡിങ്ങിൽ പരിശീലനഭാഗമായി നിർമിച്ച മുളകൊണ്ടുള്ള ജലധാരകൾ

ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ പ്രദർശനം ഉദ്ഘാടനംചെയ്തു. ഗ്രൂപ്പ് കോ-ഓർഡിനേറ്റർ ഡോ. ആർ. യശോദ, പരിശീലനമേധാവി ഡോ. കണ്ണൻ വാരിയർ, ട്രെയ്നിങ് ഇൻ-ചാർജ് മരിയ ഡൊമിനിക് സാവിയോ എന്നിവർ പങ്കെടുത്തു.

മുളകൊണ്ടുള്ള വിവിധയിനം കരകൗശലവസ്തുക്കൾ ഉണ്ടാക്കാനുള്ള പരിശീലനമാണ് അഞ്ചു മാസവും നൽകുക. പരിശീലനം കഴിയുന്നതോടെ കരകൗശല നിർമാണത്തിലൂടെ സ്വയംതൊഴിൽ കണ്ടെത്താൻ കഴിയും. അതിനുള്ള എല്ലാ സൗകര്യവും പദ്ധതിയുടെ ഭാഗമായി ഒരുക്കുന്നുണ്ട്.

പൂർണമായും സൗജന്യമായാണ് പരിശീലനം. ഓൺലൈൻവഴി ലഭിച്ച അപേക്ഷകളിലൂടെയാണ് യുവജനങ്ങളെ തിരഞ്ഞെടുക്കുന്നത്.

ഇവിടെ പരിശീലനം കഴിഞ്ഞു പോകുന്ന പലരും സംരംഭകരായി മാറുകയാണ് പതിവെന്ന് അധികൃതർ വ്യക്തമാക്കി.

09. News in Mathrubhumi, Palakkad, 09.02.2022, Bamboo Crafts Exhibition by IFGTB ENVIS.